# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1465 03.12.2015 ലെ മറുപടിയ്ക്ക്

**ദേശീയപാതകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ദാസൻ | | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്തെ ദേശീയപാതകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്നതിനായി 3 മുതൽ 5 വർഷം വരെയുള്ള കാലയളവിൽ പിരിയോഡിക്കൽ റിന്യൂവൽ, ഇംപ്രൂവ്മെന്റ്, റൈഡിംഗ് ക്വാളിറ്റി പദ്ധതികളിൽ റീസർഫസിംഗ് എന്നിവ ചെയ്യാറാണ് പതിവ്. നിലവിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ള റോഡിന്റെ ഉപരിതലങ്ങളെല്ലാം തന്നെ പ്രസ്തുത പദ്ധതിയിൽ റീസർഫസിംഗ് നടത്തുവാൻ നടപടികൾ ആയിട്ടുണ്ട്. മഴ ശമിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ ആഴത്തിലുണ്ടാകുന്ന പോട്ട് ഹോളും മറ്റും ഓർഡിനറി റിപ്പയറിൽപ്പെടുത്തി സമയാസമയങ്ങളിൽ പരിഹരിച്ച് ദേശീയപാത ഗതാഗത യോഗ്യമാക്കി നിലനിർത്തുന്നുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്തെന്ന് അറിയിക്കാമോ; | | |
| (സി) | ദേശീയപാത വികസനവും പുതിയ പാതകളുടെ നിർമ്മാണവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാന ദേശീയപാതാ വികസനം കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയ്സ് 2, 3 &4 ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഫെയ്സ് 2 & 3 ൽ ഉൾപ്പെടുത്തിയിട്ടുള്ള ദേശീയപാത-17 ന്റെയും 47 ന്റെയും വികസനം ദേശീയപാതാ വികസന അതോറിറ്റി ആണ് നടപ്പിലാക്കുന്നത്. എൻ.എച്ച്.ഡി.പി. ഫേയ്സ് -4 ൽ സംസ്ഥാനത്തെ 5 ദേശീയപാതകളായ എൻ.എച്ച്-49 , എൻ.എച്ച്-208, എൻ.എച്ച്-212, എൻ.എച്ച്-213, എൻ.എച്ച്-220 എന്നിവ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആവശ്യ പ്രകാരം ഈ ദേശീയപാതകളും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പാതകളുടെ |

| | | | |
|---|---|---|---|
| | | | തുടർന്നുള്ള വികസനം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോറിഡോർ അപ്രോച്ചിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ പ്രാരംഭ ഘട്ടമായ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ പുതുതായി പ്രഖ്യാപിച്ച ദേശീയപാതകളായ 183 എ യും 185 ഉം വികസിപ്പിക്കുന്നതിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇൻഡ്യൻ അക്കാഡമി ഓഫ് ഹൈവേ എഞ്ചിനീയേഴ്സ് സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇതിനായി എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനകം ഏറ്റെടുത്ത ഭൂമി എത്ര; | (ഡി) | ദേശീയപാത 17 നം 47 നം ആവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 209.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരികയാണ്. ഡി.പി.ആർ തയ്യാറാക്കുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദ വിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയപാതകളുടെ വികസനത്തിനാവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. |
| (ഇ) | ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്; ഇതിനായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്ര; | (ഇ) | ദേശീയ പാത വികസനത്തിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ സംസ്ഥാന സർക്കാർ തുക വകയിരുത്തിയിട്ടില്ല. |
| (എഫ്) | സംസ്ഥാനത്ത് നിർത്തിവെച്ച എൻ.എച്ച്.എ യുടെ ദേശീയപാതാ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രവർത്തനം പുന:രാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എഫ്) | സ്ഥലമെടുപ്പിനുള്ള കാലതാമസം മൂലം സംസ്ഥാനത്തെ ദേശീയപാത വികസന പദ്ധതികൾ എൻ.എച്ച്.എ.ഐ നിർത്തിവയ്ക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ആവശ്യപ്രകാരം പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ എൻ.എച്ച്.എ.ഐക്ക് കേന്ദ്ര മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട് |

(ജി) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ വാഗ്ദാനങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം പുതിയ പാതകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും രേഖാമൂലമുള്ള ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

(ജി) ദേശീയപാതകളായ എൻ.എച്ച്-47 ഉം 17 ഉം എൻ.എച്ച്.എ.ഐ വഴി വികസിപ്പിക്കുവാനും മറ്റ് അഞ്ച് ദേശീയപാതകളായ എൻ.എച്ച്-49, എൻ.എച്ച്-208,എൻ.എച്ച്-212, എൻ.എച്ച്-213, എൻ.എച്ച്-220 എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോറി ഡോർ അപ്രോച്ചിൽ ഘട്ടം ഘട്ടമായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പുതുതായി ഭരണിക്കാവ് മുതൽ പത്തനംതിട്ട വഴി വണ്ടിപ്പെരിയാറി-ലേക്കുള്ള എൻ.എച്ച്-183 എ യും അടിമാലി മുതൽ ഇടുക്കി വഴി വണ്ടിപ്പെരിയാറി-ലേക്കുള്ള എൻ.എച്ച്-185 ഉം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിനെ കഴക്കൂട്ടം ബൈപ്പാസും എൻ.എച്ച്- 47 ഉം ആയി ബന്ധിപ്പിക്കുന്ന റോഡ് , എൻ.എച്ച്-17 ഉം കണ്ണൂർ എയർപ്പോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ്, ദേശീയപാത 47 ൽ ആലപ്പുഴയിൽ തുടങ്ങി ചങ്ങനാശ്ശേരി വഴി 14-ാം മൈലിൽ എത്തുന്ന റോഡ് എന്നിവ ദേശീയപാതയായി പ്രഖ്യാപിക്കുവാൻ വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇതിലേക്കായി അനുകൂലമായ നടപടി-കളാണ് കേന്ദ്ര സർക്കാർ എടുത്തുവരുന്നത്. പുതുതായി പ്രഖ്യാപിച്ച ദേശീയപാത 183 എ, 185 എന്നിവയുടെ വികസന-ത്തിനായി കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി 2015-16 ൽ 100 കോടി രൂപയുള്ള പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

Sabitha

സെക്ഷൻ ഓഫീസർ